**മേലെഴുത്ത് കത്ത് നം.DHS/16473/2026-ER1 തീയതി18-09-2026**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Digitally signed by
Meenakshy V
Date: 18-09-2026
23:14:31

**ആരോഗ്യവകുപ്പ് ഡയറക്ടർ**

"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയമനം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ-കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.279/2026/H&FWD തീയതി,തിരുവനന്തപുരം, 17-09-2026

---

പരാമർശം:- 1. 17/12/2010 തീയതിയിലെ സ.ഉ.(സാധാ) നം.69/2010/H&FWD

2. 07/07/2026 തീയതിയിലെ സ.ഉ.(സാധാ) നം.2253/2026/H&FWD

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന മെഡിക്കൽ ഓഫീസർമാരിൽ നിന്നാണ് ആരോഗ്യ വകുപ്പ് ഡയറക്ടർ തസ്തികയിലേക്ക് നിയമിക്കുന്നതിന് അർഹതയുള്ള വ്യക്തിയെ സർക്കാർ തെരഞ്ഞെടുക്കുന്നത്. മുൻ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിയമന കാലയളവ് അവസാനിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ തസ്തികയിലേക്ക് അർഹതയുള്ള മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനായി പരാമർശം (2) പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും , ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗമായും ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും ഒരു സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു.

2) ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടർമാരിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ തസ്തികയിലേക്ക് നിയമനത്തിന് അർഹതയുള്ള മെഡിക്കൽ ഓഫീസർമാരുടെ യോഗ്യതയും ആരോഗ്യ സേവന രംഗത്തെ നേട്ടങ്ങളും 15.9.2026 ൽ ചേർന്ന കമ്മിറ്റി പരിശോധിച്ചു.ഉടർന്ന് ആരോഗ്യവകുപ്പ് ഡയറക്ടറാകുവാൻ അർഹരായവരുടെ പാനൽ തയ്യാറാക്കുകയും ശിപാർശ നൽകുകയുമുണ്ടായി. കമ്മിറ്റി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ അഡീഷണൽ ഡയറക്ടർ (Family Planning) -ഉം നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല വഹിച്ച് വരുന്നതുമായ ഡോ.മീനാക്ഷി വി -യെ 129300-166800 (Special Pay 8400) ആരോഗ്യ വകുപ്പ് ഡയറക്ടർ ആയി നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
ANUPAMA G NAIR
Date: 17-09-2026
16:46:05

സെക്ഷൻ ഓഫീസർ